# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3893 | 15/12/2014 ൽ മറുപടിക്ക് |

**ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ സെക്രട്ടറിയ്ക്കെതിരെ പരാതി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ബി.സത്യൻ. | | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ സെക്രട്ടറിയ്ക്കെതിരെ വിജിലൻസിൽ ആരെങ്കിലും പരാതി സമർപ്പിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആരാണ് പരാതി സമർപ്പിച്ചിട്ടുള്ളത് ; വ്യക്തമാക്കാമോ? | (എ) | തിരുവനന്തപുരം ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ സെക്രട്ടറി ശ്രീ.ഒ.റ്റി.പ്രകാശ്, ഓണാഘോഷത്തോടനുബന്ധിച്ചുള്ള 'കടലോളം ഓണം' പരിപാടിയുമായി ബന്ധപ്പെട്ട് നടത്തിയ അഴിമതി ആരോപണം സംബന്ധിച്ച് പട്ടികജാതി ക്ഷേമ സമിതി പ്രസിഡന്റ് ശ്രീ.എസ്.പ്രഹ്ലാദന്റെ പക്കൽ നിന്നുള്ള 05.09.2013, 08/08/2014 തീയതികളിലെ പരാതികൾ വിജിലൻസ് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കിയിരുന്നു. |
| (ബി) | പ്രാഥമിക റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ ; വിശദമായ അന്വേഷണത്തിന് ഉത്തരവ് നൽകിയിട്ടുണ്ടോ ; വിശദമാക്കാമോ; | (ബി) | വിജിലൻസ് മുഖേനയുള്ള അന്വേഷണത്തിന് ഉത്തരവ് നൽകിയിട്ടില്ല. പ്രസ്തുത പരാതികളുടെ പകർപ്പ് 12/05/1992 ലെ സഉ(പി)നം.65/92/ വിജി നം ഉത്തരവിലെ ഖണ്ഡിക (12) പ്രകാരം അനന്തര നടപടികൾ സ്വീകരിക്കുന്നതിലേക്കായി വിനോദ സഞ്ചാര വകുപ്പിന് അയച്ചുകൊടുത്തിട്ടുണ്ട്. |
| (സി) | പ്രാഥമിക അന്വേഷണത്തിൽ പ്രസ്തുത സ്ഥാപനത്തിന് നഷ്ടം സംഭവിച്ചതായി വ്യക്തമായിട്ടുണ്ടോ ; അന്വേഷണത്തിന്റെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കാമോ ? | (സി) | വിജിലൻസ് ബ്യൂറോ ഈ വിഷയത്തിൽ അന്വേഷണം നടത്തിയില്ല. |

സെക്ഷൻ ഓഫീസർ